## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 325

13.07.2015 ൽ മറുപടിക്ക്.

### ജനമൈത്രി പോലീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. കെ.രാജു<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജനമൈത്രി പോലീസ് സംവിധാനം ആരംഭിച്ചത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | : (എ) 2008 മാർച്ചിൽ ആരംഭിച്ചു. |
| (ബി) ജനമൈത്രി പോലീസ് സംവിധാനത്തെക്കുറിച്ച് മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | : (ബി) ഉണ്ട്. ബീറ്റ് സിസ്റ്റം പുനരാരംഭിക്കുക, പ്രാദേശികമായ സുരക്ഷയ്ക്ക് കൂടുതൽ ശ്രദ്ധ ചെലുത്തുക, രാത്രികാല പട്രോളിംഗ് പുനഃസ്ഥാപിക്കുക, മുതിർന്ന പൗരൻമാരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുവേണ്ടി അവരുടെ വീടുകളിൽ സ്ഥിരമായി ബീറ്റ് സന്ദർശനം നടത്തുന്നതിനു വേണ്ടി യൂത്ത് വോളന്റിയർ ഗ്രൂപ്പിനെ നിയോഗിക്കുക, ബീറ്റ് ഏരിയയിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കി അതിന്റെ ഡാറ്റ തയ്യാറാക്കി അത് പുതുക്കി സൂക്ഷിക്കുക, കുടുംബപ്രശ്നങ്ങളോ മറ്റോ ബീറ്റ് ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെട്ടാൽ സ്ത്രീകളേയും, കുട്ടികളെയും, മുതിർന്ന പൗരൻമാരെയും തങ്ങളുടെ പരിധിക്കുള്ളിൽ നിന്ന് സഹായിക്കുക, മദ്യവിൽപ്പന, മദ്യ ഉപയോഗം എന്നിവയ്ക്കെതിരെ ജാഗ്രത പുലർത്തുന്നതിൽ കൂടുതൽ ശ്രദ്ധിയ്ക്കുക എന്നിവയാണ് പ്രധാന ശുപാർശകൾ. |
| (സി) ജനമൈത്രി പോലീസ് സംവിധാനത്തെക്കുറിച്ച് 2013-ൽ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ജനമൈത്രിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കുറഞ്ഞു വരുന്നതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | : (സി) പഠനം നടത്തിയിട്ടുണ്ട്; ജനമൈത്രിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കുറഞ്ഞുവരുന്നതായി പഠനത്തിൽ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ